**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4098** **09-08-2021 - ൽ മറുപടിയ്ക്ക്**

**വൈക്കം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം മണ്ഡലത്തിലെ മൂലക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | വൈക്കം മണ്ഡലത്തിലെ മൂലക്കടവ് പാലത്തിനു 25 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും, തുടർന്ന് 19.22 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 99.24 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 1.534 കോടി രൂപ സാമ്പത്തികാനു-മതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതിനായി 2 ലക്ഷം രൂപയുടെ കണ്ടിൻജൻസി ചാർജ് റവന്യൂ വകുപ്പിന് അടയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പി-ച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ അക്കരപ്പാടം പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കലിനായി നാളിതുവരെ നടത്തിയ നടപടികൾ വ്യക്തമാക്കുമോ; | (ബി) | അക്കരപ്പാടം പാലത്തിനു 15 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും, 15.318 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 39.27 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 80 ലക്ഷം രൂപ സാമ്പത്തികാനുമതിയിൽ ഉൾപെടുത്തി-യിട്ടുണ്ട്. 19.10.2019 ൽ ഈ പ്രവൃത്തിക്കായി 1,50,000/-രൂപ കണ്ടിൻജൻസി ചാർജായി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ദ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് അംഗീകരിച്ച്, കോട്ടയം ജില്ല കളക്ടർക്ക് സമർപ്പി-ച്ചിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാർ (LA-KIIFB) യുമായി PWD ഉദ്യോഗസ്ഥർ സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുപ്പുനട-പടികൾ പൂർത്തിയാകുന്നതിനു ശേഷം സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 74-ാമത് ടെക്നിക്കൽ കമ്മിറ്റി നിർദേശം നല്കിയിട്ടുള്ളതാണ് |
| (സി) | അക്കരപ്പാടം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) | അക്കരപ്പാടം പാലത്തിനു 15 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും, 15.318 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 39.27 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 80 ലക്ഷം രൂപ സാമ്പത്തികാനുമതിയിൽ ഉൾപെടുത്തി-യിട്ടുണ്ട്. 19.10.2019 ൽ ഈ പ്രവൃത്തിക്കായി 1,50,000/-രൂപ കണ്ടിൻജൻസി ചാർജായി കിഫ്ബിയിൽ നിന്ന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് അംഗീകരിച്ച്, കോട്ടയം ജില്ല കളക്ടർക്ക് സമർപ്പി-ച്ചിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാർ (LA-KIIFB) യുമായി PWD ഉദ്യോഗസ്ഥർ സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുപ്പുനട-പടികൾ പൂർത്തിയാകുന്നതിനു ശേഷം സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 74-ാമത് ടെക്നിക്കൽ കമ്മിറ്റി നിർദേശം നല്കിയിട്ടുള്ളതാണ് |

സെക്ഷൻ ഓഫീസർ